# മധുരമായ കുട്ടികളേ - നിങ്ങളുടെ മോഹത്തിന്റെ ചരടുകൾ ഇപ്പോൾ മുറിയണം എന്തുകൊണ്ടെന്നാൽ ഈ മുഴുവൻ ലോകവും നശിക്കാനുള്ളതാണ്, ഈ പഴയ ലോകത്തിലെ ഒരു വസ്തുവിലും താത്പര്യമുണ്ടായിരിക്കരുത്

**ചോദ്യം:-** ഏത് കുട്ടികൾക്കാണോ ആത്മീയ ലഹരി ഉയർന്നിരിക്കുന്നത്, അവരുടെ *ടൈറ്റിൽ* എന്തായിരിക്കും? ഏത് കുട്ടികൾക്കാണ് ലഹരി ഉയരുന്നത്?

**ഉത്തരം:-** ആത്മീയ ലഹരിയിൽ ഇരിക്കുന്ന കുട്ടികളെയാണ് - മസ്ത് കലന്ദർ (ആനന്ദ രാജാവ്) എന്ന് പറയുന്നത്, അവർ തന്നെയാണ് പൊൻതൂവൽ ചൂടിയ കിരീടധാരിയായി മാറുന്നത്. അവർക്ക് രാജ്യം നേടുന്നതിന്റെ ലഹരി ഉയർന്നിരിക്കും. ബുദ്ധിയിൽ ഉണ്ടാകും- ഇപ്പോൾ നമ്മൾ യാചകനിൽ നിന്നും ധനവാനായി മാറുകയാണ്. രുദ്രമാലയിൽ ആരാണോ കോർക്കപ്പെടുന്നത് അവർക്കാണ് ലഹരി ഉയരുന്നത്. നമ്മുക്ക് ഇപ്പോൾ വീട്ടിലേയ്ക്ക് പോകണം പിന്നീട് പുതിയ ലോകത്തിലേയ്ക്ക് വരണം എന്ന നിശ്ചയം ഏത് കുട്ടികൾക്കാണോ ഉള്ളത് അവർക്കാണ് ലഹരി ഉണ്ടായിരിക്കുക.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികളുമായി ആത്മീയ സംഭാഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ആത്മാക്കൾക്കുള്ള ആത്മീയ ജ്ഞാനം എന്നാണ് ഇതിനെപ്പറയുന്നത്. പരമാത്മാവാണ് ജ്ഞാനസാഗരം. മനുഷ്യന് ഒരിക്കലും ജ്ഞാനസാഗരനാകാൻ സാധിക്കില്ല. മനുഷ്യർ ഭക്തിയുടെ സാഗരമാണ്. എല്ലാവരും മനുഷ്യർ തന്നെയാണ്. ആരാണോ ബ്രാഹ്മണനാകുന്നത് അവർ ജ്ഞാനസാഗരനിൽ നിന്നും ജ്ഞാനമെടുത്ത് മാസ്റ്റർ ജ്ഞാനസാഗരമാകുന്നു. പിന്നീട് ദേവതകളിൽ ഭക്തിയുമുണ്ടാകില്ല, ജ്ഞാനവുമുണ്ടാകില്ല. ദേവതകൾക്ക് ഈ ജ്ഞാനം അറിയില്ല. ജ്ഞാനസാഗരൻ ഒരേ ഒരു പരമപിതാ പരമാത്മാവ് മാത്രമാണ് അതിനാൽ പരമാത്മാവിനെ തന്നെയാണ് വജ്രതുല്യം എന്നു പറയുന്നത്. ബാബ തന്നെയാണ് വന്ന് കക്കയിൽ നിന്നും വജ്രം അഥവാ കല്ലുബുദ്ധിയിൽ നിന്നും പവിഴബുദ്ധിയാക്കി മാറ്റുന്നത്. മനുഷ്യർക്ക് ഇതൊന്നും അറിയില്ല. ദേവതകൾ തന്നെയാണ് പിന്നീട് വന്ന് മനുഷ്യരാകുന്നത്. ദേവതയായി മാറിയത് ശ്രീമതത്തിലൂടെയാണ്. അരക്കല്പത്തിലേയ്ക്ക് അവിടെ ആരുടേയും മതത്തിന്റെ ആവശ്യമുണ്ടാകില്ല. ഇവിടെയാണെങ്കിൽ അനേകം ഗുരുക്കന്മാരുടെ മതം എടുത്തുകൊണ്ടിരിക്കുന്നു. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇപ്പോൾ സദ്ഗുരുവിന്റെ ശ്രീമതമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. സിക്കുകാർ പറയാറുണ്ട് സദ്ഗുരു അകാലമൂർത്തിയാണ്. അതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. വിളിക്കുന്നുമുണ്ട് സദ്ഗുരു അകാലമൂർത്തിയാണ്, അതിനർത്ഥം സദ്ഗതി ചെയ്യുന്നത് അകാലമൂർത്തിയാണ് എന്നാണ്. അകാലമൂർത്തിയെന്ന് പരമപിതാ പരമാത്മാവിനെയാണ് പറയുന്നത്. സദ്ഗുരുവും ഗുരുവും തമ്മിൽ രാത്രിയും പകലിന്റേയും വ്യത്യാസമുണ്ട്. അതിനാൽ അവർ ബ്രഹ്മാവിന്റെ പകലും, ബ്രഹ്മാവിന്റെ രാത്രിയെന്നും പറയുന്നു. ബ്രഹ്മാവിന്റെ രാത്രി, ബ്രഹ്മാവിന്റെ പകൽ, അപ്പോൾ തീർച്ചയായും ബ്രഹ്മാവ് പുനർജന്മമെടുക്കുന്നുണ്ടെന്ന് പറയും. ബ്രഹ്മാവുതന്നെയാണ് ദേവതയായ വിഷ്ണുവായി മാറുന്നത്. നിങ്ങൾ ശിവബാബയുടെ മഹിമ ചെയ്യുന്നു. ബാബയുടേത് വജ്രതുല്യമായ ജന്മമാണ്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ ഗൃഹസ്ഥവ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും പാവനമായി മാറുന്നു. നിങ്ങൾക്ക് പവിത്രമായി മാറി പിന്നീട് ഈ ജ്ഞാനത്തെ ധാരണ ചെയ്യണം. കുമാരിമാർക്ക് യാതൊരു ബന്ധനവുമില്ല. അവർക്ക് കേവലം മാതാ-പിതാവിന്റെ അല്ലെങ്കിൽ സഹോദരീ സഹോദരന്റെ ചിന്തയുണ്ടായിരിക്കും. പിന്നീട് ഭർതൃപിതാവിന്റെ വീട്ടിലേയ്ക്ക് പോകുമ്പോൾ രണ്ട് കുടുംബമാകുന്നു. ഇപ്പോൾ ബാബ നിങ്ങളോട് പറയുന്നു അശരീരിയായിത്തീരൂ. ഇപ്പോൾ നിങ്ങൾ എല്ലാവർക്കും തിരിച്ച് പോകണം. നിങ്ങൾക്ക് പവിത്രമായി മാറുന്നതിനുള്ള യുക്തിയും പറഞ്ഞുതരുന്നു. പതിതപാവനൻ ഞാൻ തന്നെയാണ്. ഞാൻ നിങ്ങൾക്ക് ഉറപ്പ് തരുന്നു അഥവാ നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഈ യോഗാഗ്നിയിലൂടെ നിങ്ങളുടെ ജന്മ ജന്മാന്തരങ്ങളിലെ പാപം ഭസ്മമാകും. എതുപോലെയാണോ പഴയ സ്വർണ്ണത്തെ അഗ്നിയിൽ ഇടുന്നതിലൂടെ അതിൽ നിന്ന് അഴുക്ക് ഇല്ലാതാകുന്നത്, ശുദ്ധ സ്വർണ്ണം മാത്രം അവശേഷിക്കും. അതുപോലെ ഇതും യോഗാഗ്നിയാണ്. ഈ സംഗമത്തിൽ തന്നെയാണ് ബാബ ഈ രാജയോഗം പഠിപ്പിക്കുന്നത്, അതിനാലാണ് ബാബയ്ക്ക് വളരെയധികം മഹിമയുള്ളത്. ഭഗവാൻ പഠിപ്പിച്ചുതന്ന രാജയോഗം എതൊന്നാണോ അത് പഠിക്കാൻ എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. സന്യാസിമാർ വിദേശത്തു നിന്നും പോലും അനേകം പേരെ കൊണ്ടു വരുന്നുണ്ട്. ഇവർ സന്യാസം സ്വീകരിച്ചിരിക്കുന്നു എന്ന് അവർ മനസ്സിലക്കുന്നു. ഇപ്പോൾ നിങ്ങളും സന്യാസിമാർ തന്നെയാണ്. പക്ഷേ പരിധിയില്ലാത്ത സന്യാസത്തെ ആരും തന്നെ അറിയുന്നില്ല. പരിധിയില്ലാത്ത സന്യാസം ഒരേ ഒരു ബാബ മാത്രമാണ് പഠിപ്പിക്കുന്നത്.

നിങ്ങൾക്കറിയാം ഈ പഴയ ലോകം നശിക്കാനുള്ളതാണ്. ഈ ലോകത്തിലെ ഒരു വസ്തുവിലും നമ്മൾ താത്പര്യം വെയ്ക്കുന്നില്ല. ഇന്നയാൾ ശരീരം ഉപേക്ഷിച്ചു, പാർട്ട് അഭിനയിക്കുന്നതിനായി പോയി അടുത്ത ശരീരം എടുത്തു, അതിൽ പിന്നീട് കരയുന്നത് എന്തിനാണ്! മോഹത്തിന്റെ ചരട് വേർപെടുന്നു. ഇപ്പോൾ നമ്മുടെ സംബന്ധം പുതിയ ലോകവുമായി യോജിച്ചിരിക്കുന്നു. ഇങ്ങനെയുള്ള കുട്ടികൾ ആനന്ദ നൃത്തം ചവിട്ടുന്ന പൊൻതൂവൽ ചൂടിയ പക്കാ രാജാക്കൻമാരായിരിക്കും. നിങ്ങൾക്ക് രാജധാനിയുടെ ലഹരിയുണ്ട്. ബാബയിലും ലഹരിയില്ലേ – ഞാൻ പോയി ഇതുപോലെ പൊൻതൂവൽ ചൂടിയ രാജാവാകും, യാചകനിൽ നിന്നും ധനവാനായി മാറും. ഉള്ളിൽ ലഹരി ഉയർന്നിട്ടുണ്ട് അതിനാലാണ് ആനന്ദനൃത്തം ചവിട്ടുന്ന രാജാവെന്ന് പറയുന്നത്. ഇതിന്റെ സാക്ഷാത്ക്കാരവും ചെയ്യുന്നുണ്ട്. അതുകൊണ്ട് എങ്ങനെ യാണോ ബ്രഹ്മാബാബയ്ക്ക് ലഹരി ഉയർന്നിട്ടുള്ളത് അതുപോലെ നിങ്ങൾക്കും ഉയരണം. നിങ്ങളും രുദ്ര മാലയിൽ കോർക്കപ്പെടുന്നവരാണ്. ആർക്കാണോ പക്കാ നിശ്ചയം ഉണ്ടാകുന്നത് അവർക്ക് ലഹരിയു ണ്ടാകും. ഇപ്പോൾ നമ്മൾ ആത്മാക്കൾക്ക് വീട്ടിലേയ്ക്ക് പോകണം. പിന്നീട് പുതിയ ലോകത്തിലേയ്ക്ക് വരും. ഈ നിശ്ചയത്തോടെ ആര് ബ്രഹ്മാവിനെ നോക്കുന്നോ അവർക്ക് ശ്രീകൃഷ്ണനെയായിരിക്കും കാണപ്പെടുക. എത്ര ശോഭനീയമാണ്. കൃഷ്ണൻ ഇപ്പോൾ ഇവിടെയില്ല. എന്നിട്ടും കൃഷ്ണന് പിറകെ എത്ര സ്നേഹികളാണ്. ഊഞ്ഞാലാട്ടുന്നു, പാൽ കുടിപ്പിക്കുന്നു. അത് ജഢചിത്രമാണ്, എന്നാൽ ഇത് യഥാർത്ഥമല്ലേ. ഞാൻ കൃഷ്ണനായി മാറുമെന്ന നിശ്ചയം ബ്രഹ്മാവിനുമുണ്ട്. നിങ്ങൾ കുട്ടികളും ദിവ്യ ദൃഷ്ടിയിൽ ചെറിയ കുട്ടിയെ കാണാറുണ്ട്. ഈ കണ്ണുകൾ കൊണ്ട് കാണാൻ കഴിയില്ല. ആത്മാവിന് എപ്പോഴാണോ ദിവ്യ ദൃഷ്ടി ലഭിക്കുന്നത് അപ്പോൾ ശരീരത്തിന്റെ ബോധം ഉണ്ടായിരിക്കില്ല. ആ സമയത്ത് സ്വയം മഹാറാണിയെന്നും ഇദ്ദേഹത്തെ ബാലകനുമായി (കൃഷ്ണൻ) മനസ്സിലാക്കും. ഈ സാക്ഷാത്ക്കാരവും ഈ സമയത്ത് ധാരാളം പേർക്ക് ഉണ്ടാകുന്നുണ്ട്. വെള്ള വസ്ത്രധാരിയുടെ സാക്ഷാത്ക്കാരവും ധാരാളം പേർക്ക് ഉണ്ടാകുന്നുണ്ട്. അപ്പോൾ അവരോട് പറയുന്നു നിങ്ങൾ ഇദ്ദേഹത്തിന്റെ അടുത്തേയ്ക്ക് പോകു, ജ്ഞാനം സ്വീകരിക്കു എങ്കിൽ ഇങ്ങനെയുള്ള രാജകുമാരനായി മാറും. ഇത് ഇന്ദ്രജാലമല്ലേ. വ്യാപാരവും വളരെ നല്ലതാണ് ചെയ്യുന്നത്. കരിക്കട്ട സ്വീകരിച്ച് മുത്തും–വജ്രങ്ങളും നൽകുന്നു. വജ്രതുല്യമായി നിങ്ങൾ മാറുന്നു. നിങ്ങളെ ശിവബാബയാണ് വജ്രതുല്യമാക്കി മാറ്റുന്നത്, അതിനാൽ സമർപ്പണം ബാബയുടേതാണ്. മനുഷ്യർ മനസ്സിലാക്കാത്തത് കാരണത്താൽ മാന്ത്രികം–മാന്ത്രികം എന്നു പറയുന്നു. ആരാണോ ആശ്ചര്യപ്പെട്ട് ഓടിപ്പോകുന്നത് അവർ പോയി തല തിരിച്ച് കേൾപ്പിക്കുന്നു. ഇങ്ങനെ ധാരാളം പേർ കുലദ്രോഹികളായി തീരുന്നുണ്ട്. ഇങ്ങനെ കുലദ്രോഹി കളാകുന്നവർക്ക് ഉയർന്ന പദവി നേടാൻ സാധിക്കില്ല. അവരെക്കുറിച്ചാണ് ഗുരു നിന്ദകർക്ക് ഗതി ലഭിക്കി ല്ലയെന്ന് പറയുന്നത്. ഇവിടെയാണെങ്കിൽ സത്യമായ പിതാവല്ലേ. ഇതും ഇപ്പോൾ നിങ്ങൾ മനസ്സിലാക്കു ന്നുണ്ട്. മനുഷ്യരാണെങ്കിൽ പറയുന്നത് ഭഗവാൻ യുഗ–യുഗങ്ങളിൽ വരുന്നുവെന്നാണ്. എങ്കിൽ ശരി, നാലു യുഗങ്ങളാണുള്ളത്, പിന്നീടെങ്ങനെ 24 അവതാരങ്ങളെന്ന് പറയാൻ സാധിക്കും? അതും കഴിഞ്ഞ് കല്ലിലും–മുള്ളിലും കണ–കണങ്ങളിലും പരമാത്മാവുണ്ടെന്ന് പറയുന്നു, അപ്പോൾ എല്ലാം പരമാത്മാവായി. ബാബ പറയുന്നു ഞാൻ കക്കയിൽ നിന്നും വജ്രമാക്കി മാറ്റുന്നവനാണ്, എന്നെ പിന്നീട് കല്ലിലും–മുള്ളിലും വലിച്ചെറിഞ്ഞിരിക്കുന്നു. സർവ്വവ്യാപിയെന്നാൽ എല്ലാവരിലും ഉണ്ട് എന്നാണ് പിന്നീട് യാതൊരു മൂല്യവും ഉണ്ടായിരിക്കില്ല. എങ്ങനെയുള്ള അപകാരമാണ് എനിക്ക് ചെയ്യുന്നത്. ബാബ പറയുന്നു ഇതും ഡ്രാമ യിൽ അടങ്ങിയിട്ടുള്ളതാണ്. എപ്പോഴാണോ ഇങ്ങനെയായി മാറുന്നത് അപ്പോഴാണ് വീണ്ടും ബാബ വന്ന് ഉപകാരം ചെയ്യുന്നത് അർത്ഥം മനുഷ്യനെ ദേവതയാക്കി മാറ്റുന്നത്.

വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും വീണ്ടും ആവർത്തിക്കും. സത്യയുഗത്തിൽ വീണ്ടും ഈ ലക്ഷ്മീ നാരായണന്മാർ തന്നെ വരും. അവിടെ കേവലം ഭാരതം മാത്രമേ ഉണ്ടായിരിക്കൂ. തുടക്കത്തിൽ വളരെ കുറച്ച് ദേവതകളേ ഉണ്ടായിരിക്കൂ പിന്നീട് വൃദ്ധി പ്രാപിച്ച് പ്രാപിച്ച് 5000 വർഷങ്ങൾക്കുള്ളിൽ എത്രപേ രായിരിക്കുന്നു. ഇപ്പോൾ ഈ ജ്ഞാനം മറ്റാരുടേയും ബുദ്ധിയിൽ ഇല്ല. ബാക്കി ഉള്ളത് ഭക്തിയാണ്. ദേവ തകളുടെ ചിത്രത്തിന്റെ മഹിമ പാടുന്നു. ഇവർ ചൈതന്യത്തിൽ ഉണ്ടായിരുന്നു എന്നത് മനസ്സിലാക്കു ന്നില്ല, പിന്നീട് എവിടെപ്പോയി? ചിത്രങ്ങളുടെ പൂജചെയ്യുന്നു പക്ഷേ അവർ എവിടെയാണ്? അവർക്കും തമോപ്രധാനമായി മാറി പിന്നീട് സതോപ്രധാനമാകണം. ഇത് ആരുടെ ബുദ്ധിയിലും വരുന്നില്ല. ഇങ്ങനെ യുള്ള തമോപ്രധാന ബുദ്ധിയെ വീണ്ടും സതോപ്രധാനമാക്കി മാറ്റുക എന്നത് ബാബയുടെ മാത്രം കർത്തവ്യമാണ്. ഈ ലക്ഷ്മീ നാരായണന്മാർ കടന്ന് പോയവരാണ് അതിനാലാണ് അവർക്ക് ഇത്രയും മഹിമ. ഉയർന്നതിലും ഉയർന്നത് ഒരേഒരു ഭഗവാൻ മാത്രമാണ്. ബാക്കി എല്ലാവരും പുനർജന്മങ്ങൾ എടുത്തുകൊണ്ടിരിക്കുന്നു. ഉയർന്നതിലും ഉയർന്ന ബാബ തന്നെയാണ് എല്ലാവർക്കും മുക്തിയും ജീവ ന്മുക്തിയും നൽകുന്നത്. ബാബ വന്നില്ലായിരുന്നെങ്കിൽ തീർത്തും നയാപൈസയിലും വിലയില്ലാത്തവ രായി തമോപ്രധാനമായി മാറും. എപ്പോൾ ഇവർ രാജ്യം ഭരിച്ചിരുന്നോ അപ്പോൾ മൂല്യമുള്ള പൗണ്ടായിരുന്നു.

അവിടെ പൂജ മുതലായവയൊന്നും ചെയ്തിരുന്നില്ല. പൂജ്യരായ ദേവീ ദേവതകൾ തന്നെയാണ് പൂജാരിയായിത്തീർന്നത്, വാമമാർഗ്ഗത്തിൽ വികാരികളായിത്തീർന്നു. ഇവർ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു എന്ന കാര്യം ആർക്കും അറിയില്ല. നിങ്ങൾ ബ്രാഹ്മണരും ഈ കാര്യങ്ങൾ നമ്പർവൈസായാണ് മനസ്സിലാക്കുന്നത്. സ്വയം പൂർണ്ണമായി മനസ്സിലാക്കുന്നില്ലെങ്കിൽ പിന്നെ മറ്റുള്ളവർക്ക് എന്ത് മനസ്സിലാക്കിക്കൊടുക്കും. പേര് ബ്രഹ്മാകുമാരൻ-കുമാരി എന്നാണ്, പക്ഷേ മനസ്സിലാക്കി കൊടുക്കാൻ സാധിച്ചില്ലെങ്കിൽ നഷ്ടമുണ്ടാക്കിത്തീർക്കും. അതുകൊണ്ട് പറയണം ഞങ്ങൾ മുതിർന്ന സഹോദരിയെ വിളിക്കാം, അവർ നിങ്ങൾക്ക് മനസ്സിലാക്കിത്തരും. ഭാരതം തന്നെയാണ് വജ്രതുല്യമായിരുന്നത്, ഇപ്പോൾ കക്കയ്ക്ക് സമാനമാണ്. യാചകനായ ഭാരതത്തെ കിരീടധാരിയാക്കി മാറ്റിയത് ആരാണ്? ലക്ഷ്മീ നാരായണന്മാർ ഇപ്പോൾ എവിടെയാണ്, കണക്ക് സഹിതം പറയൂ? പറയാൻ കഴിയില്ല. അവർ ഭക്തിയുടെ സാഗരമാണ്. ആ ലഹരിയാണ് കയറിയിരിക്കുന്നത്. നിങ്ങളാണ് ജ്ഞാന സാഗരം. അവർ ശാസ്ത്രങ്ങളെ തന്നെയാണ് ജ്ഞാനമെന്നു കരുതുന്നത്. ബാബ പറയുന്നു ശാസ്ത്രങ്ങളിൽ ഭക്തിയുടെ ആചാര അനുഷ്ഠാനങ്ങളാണുള്ളത്. നിങ്ങളിൽ ജ്ഞാനത്തിന്റെ ശക്തി വർദ്ധിച്ചുവരുതോറും നിങ്ങൾ കാന്തമായി മാറും. പിന്നീട് എല്ലാവർക്കും ആകർഷണം തോന്നും. പക്ഷേ ഇപ്പോൾ ആയിട്ടില്ല. എന്നിട്ടും സാധിക്കുന്ന രീതിയിൽ, ശക്തിയ്ക്ക് അനുസരിച്ച് ബാബയെ ഓർമ്മിക്കുന്നുണ്ട്. സദാസമയം ബാബയെ ഓർമ്മിക്കുന്നുണ്ട് എന്നല്ല. എങ്കിൽ പിന്നെ ഈ ശരീരവും ഉണ്ടായിരിക്കില്ല. ഇപ്പോൾ വളരെ അധികം പേർക്ക് സന്ദേശം നൽകണം, സന്ദേശവാഹകരാവണം. നിങ്ങൾ കുട്ടികൾ തന്നെയാണ് സന്ദേശവാഹകരാകുന്നത് മറ്റാരും ആകുന്നില്ല. ക്രിസ്തു മുതലായവർ വന്ന് ധർമ്മം സ്ഥാപിക്കുന്നു, അവരെ സന്ദേശവാഹകർ എന്ന് പറയില്ല. ക്രിസ്തു ധർമ്മത്തിന്റെ സ്ഥാപന ചെയ്തു അല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ല. ക്രിസ്തു ഒരാളുടെ ശരീരത്തിൽ വന്നു പിന്നീട് അദ്ദേഹത്തിന് പിറകെ മറ്റുള്ളവരും വന്നു. ഇവിടെയാണെങ്കിൽ രാജധാനി സ്ഥാപിക്കുകയാണ്. മുന്നോട്ട് പോകവേ നിങ്ങൾക്ക് എല്ലാം സാക്ഷാത്ക്കാരം ചെയ്യാൻ കഴിയും- നമ്മൾ എന്തായി മാറും, നമ്മൾ ഇന്ന ഇന്ന വികർമ്മങ്ങൾ ചെയ്തു എന്നെല്ലാം. സാക്ഷാത്ക്കാരമുണ്ടാകുന്നതിന് സമയം എടുക്കില്ല. കാശിയിൽ ചെന്ന് മരണം വരിക്കുമായിരുന്നു, നിവർന്ന് നിന്ന് കിണറിലേയ്ക്ക് ചാടുമായിരുന്നു. ഇപ്പോൾ ഗവൺമെന്റ് അത് നിരോധിച്ചിരിക്കുന്നു. അവർ കരുതുന്നത് ഞങ്ങൾക്ക് മുക്തി ലഭിക്കും എന്നാണ്. ബാബ പറയുന്നു ആർക്കും മുക്തി നേടാൻ സാധിക്കില്ല. കുറഞ്ഞ സമയത്തിനുള്ളിൽ മുഴുവൻ ജന്മങ്ങളുടേയും ശിക്ഷ ലഭിക്കുന്നു. പിന്നീട് പുതിയതായി കണക്കുകൾ തുടങ്ങും. ആർക്കും തിരിച്ചുപോകാൻ സാധിക്കില്ല. എവിടെപ്പോയിരിക്കും? ആത്മാക്കളുടെ വൃക്ഷം തന്നെ കേടുവരും. നമ്പർവൈസായി വരും പിന്നീട് അതുപോലെ പോകും. കുട്ടികൾക്ക് സാക്ഷാത്ക്കാരങ്ങൾ ഉണ്ടാകുന്നുണ്ട് അപ്പോഴാണ് ഈ ചിത്രങ്ങളെല്ലാം ഉണ്ടാക്കുന്നത്. 84 ജന്മങ്ങളുള്ള മുഴുവൻ ചക്രത്തിന്റെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ രഹസ്യം നിങ്ങൾക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്നു. പിന്നീട് നിങ്ങളിലും നമ്പർവൈസാണ്. ചിലർ ഉയർന്ന മാർക്കോടുകൂടി പാസാകും ചിലർക്ക് കുറവ് മാർക്കായിരിക്കും. 100 മാർക്ക് ആർക്കും ഉണ്ടാകില്ല. 100 ഉള്ളത് ഒരേ ഒരു ബാബയ്ക്ക് മാത്രമാണ്. അങ്ങനെയാകാൻ ആർക്കും സാധിക്കില്ല. ചെറിയ-ചെറിയ വ്യത്യാസങ്ങൾ ഉണ്ടാകും. ഒരുപോലെയാകാനും സാധിക്കില്ല. എത്രയധികം മനുഷ്യരുണ്ട് ഓരോരുത്തരുടേയും സ്വഭാവം വ്യത്യസ്തമാണ്. ആത്മാക്കളെല്ലാം എത്ര ചെറിയ ബിന്ദുവാണ്. മനുഷ്യർ എത്ര വലുതാണ് എന്നിട്ടും ഒരാളുടെ സവിശേഷതകൾക്ക് മറ്റൊരാളുടേതുമായി സാമ്യമില്ല. എത്ര ആത്മാക്കളാണ്, അത്രയും പേർ വീണ്ടും വരും അതിനല്ലേ അവിടെ വീട്ടിൽ ഇരിക്കുന്നത്. ഇതും ഡ്രാമയിൽ ഉള്ളതാണ്. ഇതിൽ ഒരു വ്യത്യാസവും ഉണ്ടാകില്ല. ഒരു പ്രാവശ്യം എന്താണോ ഷൂട്ട് ആയത് അതുതന്നെയാണ് വീണ്ടും കാണുക. നിങ്ങൾ പറയും 5000 വർഷങ്ങൾക്ക് മുമ്പും നമ്മൾ ഇങ്ങനെ കണ്ടുമുട്ടിയിരുന്നു. ഒരു സെക്കന്റിന്റെ കുറവോ കൂടുതലോ ഉണ്ടാവുക സാധ്യമല്ല. കാരണം ഡ്രാമയല്ലേ. ആരുടെ ബുദ്ധിയിലാണോ രചയിതാവിന്റേയും രചനയുടേയും ജ്ഞാനമുള്ളത് അവരെയാണ് സ്വദർശന ചക്രധാരി എന്നു പറയുന്നത്. ബാബയിൽ നിന്നാണ് ഈ ജ്ഞാനം ലഭിക്കുന്നത്. മനുഷ്യനാൽ ഈ ജ്ഞാനം മനുഷ്യർക്ക് നൽകാൻ സാധിക്കില്ല. ഭക്തി പഠിപ്പിക്കുന്നത് മനുഷ്യരാണ്, എന്നാൽ ജ്ഞാനം പഠിപ്പിക്കുന്നത് ഒരേഒരു ബാബയാണ്. ജ്ഞാനസാഗരൻ ഒരേഒരു ബാബയാണ്. പിന്നീട് നിങ്ങൾ ജ്ഞാനനദികൾ ഉണ്ടാകുന്നു. ജ്ഞാനസാഗരനിലൂടെയും ജ്ഞാന നദികളിലൂടെയുമാണ് മുക്തിയും ജീവന്മുക്തിയും ലഭിക്കുന്നത്. അത് കേവലം ജലം കൊണ്ടുള്ള നദികളാണ്. ജലം സദാ തന്നെ ഉള്ളതാണ്. ജ്ഞാനം ലഭിക്കുന്നത് സംഗമത്തിൽ മാത്രമാണ്. ജലം കൊണ്ടുള്ള നദികൾ ഭാരതത്തിൽ ഒഴുകുന്നുണ്ട്, ബാക്കി ഇത്രയും നഗരങ്ങളുള്ളത് ഇല്ലാതാകും. ഭൂഖണ്ഡങ്ങൾ പോലും ഉണ്ടായിരിക്കില്ല. മഴ തീർച്ചയായും പെയ്തിരിക്കും. ജലം ജലത്തിൽ ചെന്നുചേരും. ഇതേ ഭാരതമാണുണ്ടായിരിക്കുക.

ഇപ്പോൾ നിങ്ങൾക്ക് മുഴുവൻ ജ്ഞാനവും ലഭിക്കുന്നു. ഇതാണ് ജ്ഞാനം ബാക്കിയെല്ലാം ഭക്തിയാണ്. വജ്രതുല്യമായി ഒരു ശിവബാബമാത്രമേയുള്ളൂ, ബാബയുടെ ജയന്തിയാണ് ആഘോഷിക്കുന്നത്. ശിവ

ബാബ എന്താണ് ചെയ്തത്?  എന്ന് ചോദിക്കണം. ബാബ വന്ന് പതിതരെ പാവനമാക്കുന്നു. ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്നു. അപ്പോഴാണ് പാടുന്നത് ജ്ഞാനസൂര്യൻ പ്രകടമായി... ജ്ഞാന ത്തിലൂടെ പകലും ഭക്തിയിലൂടെ രാത്രിയും ഉണ്ടാകുന്നു. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ 84 ജന്മ ങ്ങൾ പൂർത്തിയാക്കി. ഇപ്പോൾ ബാബയെ ഓർമ്മിക്കുന്നതിലൂടെ പാവനമായി മാറാം. പിന്നീട് ശരീരവും പാവനമായത് ലഭിക്കും. നിങ്ങൾ എല്ലാവരും നമ്പർവൈസായി പാവനമായി മാറുകയാണ്. എത്ര സഹജ മായ കാര്യമാണ്. മുഖ്യമായ കാര്യം ഓർമ്മയാണ്. വളരെ അധികം പേർക്ക് സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കാൻ അറിയുന്നില്ല. എന്നിട്ടും കുട്ടികളായി മാറിയിട്ടുണ്ട് അതിനാൽ തീർച്ചയായും സ്വർഗ്ഗത്തിലേയ്ക്ക് വരും. ഈ സമയത്തെ പുരുഷാർത്ഥത്തിന്റെ ആധാരത്തിലാണ് രാജ ധാനി സ്ഥാപിക്കപ്പെടുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക്  മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സദാ ഈ ലഹരിയിൽ ഇരിക്കണം നമ്മൾ മാസ്റ്റർ ജ്ഞാനസാഗരനാണ്, സ്വയത്തിൽ ജ്ഞാനത്തിന്റെ ശക്തി നിറച്ച് കാന്തമായി മാറണം, ആത്മീയ സന്ദേശകരായി മാറണം.

2) സദ്ഗുരുവായ ബാബയുടെ പേരിനെ മോശമാക്കുന്ന തരത്തിലുള്ള ഒരു കർമ്മവും ചെയ്യരുത്. എന്തു തന്നെ സംഭവിച്ചാലും ഒരിയ്ക്കലും കരയരുത്.

## വരദാനം:- സത്യതയുടെ അടിത്തറയിലൂടെ പെരുമാറ്റത്തിലൂടെയും മുഖത്തിലൂടെയും ദിവ്യതയുടെ അനുഭൂതി ചെയ്യിക്കുന്ന സത്യവാദിയായി ഭവിക്കൂ

ലോകത്തിൽ അനേകം ആത്മാക്കൾ സ്വയത്തെ സത്യവാദിയെന്ന് പറയുന്നുണ്ട് അല്ലെങ്കിൽ മനസ്സിലാക്കു ന്നുണ്ട് എന്നാൽ സമ്പൂർണ്ണ സത്യത പവിത്രതയുടെ ആധാരത്തിലാണ് ഉണ്ടാകുന്നത്. പവിത്രതയില്ലെ ങ്കിൽ സദാ സത്യത ഉണ്ടായിരിക്കില്ല. സത്യതയുടെ അടിത്തറ പവിത്രതയാണ് സത്യതയുടെ പ്രത്യക്ഷ തെളിവ് മുഖത്തും പെരുമാറ്റത്തിലും ദിവ്യത ഉണ്ടായിരിക്കും. പവിത്രതയുടെ ആധാരത്തിൽ സത്യത യുടെ സ്വരൂപം സ്വതവേയും സഹജവുമായി ഉണ്ടാകുന്നു. എപ്പോൾ ആത്മാവും ശരീരവും രണ്ടും പാവ നമാകുന്നോ അപ്പോൾ പറയും സമ്പൂർണ്ണ സത്യവാദി.

## സ്ലോഗൻ:- പരിധിയില്ലാത്ത സേവനത്തിൽ ബിസിയായി കഴിയുകയാണെങ്കിൽ പരിധി യില്ലാത്ത വൈരാഗ്യം സ്വതവേ വരും.